30. ശ്രീ. ബി.എം. ഷെറീഫ്.
31. ശ്രീ. പി.കെ. ശ്രീനിവാസൻ.
32. ശ്രീ. സി.എം. സുന്ദരം.
33. ശ്രീ. എ.വി. താമരാക്ഷൻ.
34. ശ്രീ. എസ്. തങ്കപ്പൻപിള്ള.
35. ശ്രീ. ത്യാഗരാജൻ.
36. ശ്രീ. സ്റ്റീഫൻ പാദുവ.

Neutrals—Nil

Mr. Deputy Speaker: Those for the resolution—10

Against—36

Neutrals—Nil.

The resolution was declared lost.

[Shri K.K. Balakrishnan in the Chair]

(3) സ്കൂൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നാഷണൽ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച്.

12 Noon] ശ്രീ. കെ. എ. മാത്യു: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുകയാണ്.

''സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനു സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും യു.ജി.സി. മാതൃകയിൽ ഒരു നാഷണൽ കമ്മിഷനെ നിയമിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.''

സർ, നമ്മുടെ റവന്യൂ വരുമാനത്തിന്റെ ഗണ്യമായ ഭാഗം ചെലവഴിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിദ്യാഭ്യാസരംഗം ഇന്നും പരിമിതികളുടെയും പരാധീനതകളുടെയും ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നത്. നമ്മുടെ സ്കൂളുകളിലേക്ക് ഒന്ന് കണ്ണോടിച്ചാൽ ഇന്നും ആവശ്യത്തിനുള്ള കെട്ടിടങ്ങൾ പല സ്ഥലങ്ങളിലും ഇല്ലെന്നുള്ളത് ഒരു വസ്തുതയാണ്. വൃക്ഷത്തണലുകളിലും ജീർണ്ണിച്ച ഷെഡ്ഡുകളിലും വച്ച് ഇന്നും വിദ്യാഭ്യാസം നൽകുന്നുണ്ട് എന്നുള്ള കാര്യം നമ്മെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ല. നമുക്കറിയാം കോടിക്കണക്കിന് രൂപ ആരംഗത്ത് മുതലിറക്കിയാൽ മാത്രമേ നാം ആഗ്രഹിക്കുന്ന രീതിയിൽ ഉള്ള സൗകര്യം വിദ്യാഭ്യാസരംഗത്ത് നമുക്കു കൈവരിക്കാൻ കഴിയുകയുള്ളു എന്ന്. അതുപോലെതന്നെ കുഞ്ഞുങ്ങളെ സയൻസ് വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ഇന്ന് പല സ്ഥലങ്ങളിലും ''Suppose it is a test tube'' എന്നു പറഞ്ഞു പഠിപ്പിക്കുന്നതിന് സാധിക്കാത്ത ഗതികേടാണുള്ളത്. അതുപോലെതന്നെ ലൈബ്രറി സൗകര്യങ്ങളുടെ കാര്യത്തെ സംബന്ധിച്ച് ഒന്നും പറയാതെയിരിക്കുകയാണ് ഭേദം. കുഞ്ഞുങ്ങളുടെ വ്യക്തിത്വവികാസത്തിന് ഓട്ടം ചാട്ടം തുടങ്ങിയ ആക്ടിവിറ്റീസ് എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് ഇന്നത്തെ പരിഷ്കൃത ജന്മ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിക്കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ വിദ്യാലയങ്ങളിൽ ആവശ്യത്തിനുള്ള കളിസ്ഥലങ്ങളും ഇല്ല. പരിമിതികളുടെയും പരാധീനതകളുടെയും ഒരു ചിത്രമാണ് സ്കൂൾ വിദ്യാഭ്യാസരംഗത്ത്. നമുക്കു കാണാൻ കഴിയുന്നത്. ആരെയും കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചില യാഥാർത്ഥ്യങ്ങളിലേക്ക് ഒന്നു കണ്ണോടിക്കുക മാത്രമാണ് ചെയ്യുന്നത്. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇതുപോലുള്ള പരാധീനതകളൊക്കെ ഉണ്ടായിരുന്ന കാലത്ത് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ആ രംഗത്തേക്ക് കടന്നുവരികയും അതൊക്കെ പരിഹരിക്കുന്നതിന് സഹായം നൽകുകയും ചെയ്തിട്ടുണ്ട് എന്നുള്ള കാര്യം ഈ അവസരത്തിൽ വിസ്മരിക്കാൻ കഴിയുന്നില്ല. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ എന്നുപറഞ്ഞാൽ അദ്ധ്യാപകർക്ക് ശമ്പളം കൂടുതൽ കൊടുക്കുന്ന ഒരു ഏജൻസി ആണെന്നു ഒരു മിഥ്യാധാരണയുണ്ട്. യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഒരു ചെറിയ അംശം മാത്രമാണ് ഈ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തുന്ന ആ രംഗം എന്നു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനു ഉപരിയായി അദ്ധ്യാപകരുടെ ക്വാളിറ്റി ഇംപ്രൂവ്മെൻറ് രംഗത്ത് വളരെ കൂടുതൽ ചെയ്യുന്നുണ്ട്. നമ്മുടെ പല അദ്ധ്യാപകർക്കും എം.ഫിൽ, പി.എച്ച്.ഡി. മുതലായ ഉന്നത ബിരുദങ്ങളും നേടുന്നതിന് സഹായം ചെയ്തിട്ടുള്ളത് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ ആ രംഗത്ത് കടന്നുവന്നതിനു ശേഷമാണ് എന്നുള്ളതാണ് വസ്തുത. അധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തി എന്നു ചിലർ സംശയം പ്രകടിപ്പിച്ചേക്കാം. യു.ജി.സി. സ്കെയിൽ അംഗീകരിച്ചല്ലോ, പിന്നെ എന്തിനാണ് ഈ സ്കൂളിലേക്ക് ഇതുപോലെ ഒരു കമ്മീഷനെ നിയമിക്കേണ്ടത് എന്ന്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്ന അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തുന്നതിനു വളരെക്കൂടുതൽ സംഭാവന കാഴ്ച വയ്ക്കാൻ യു.ജി.സി.ക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. 1956 മുതൽ ഇങ്ങോട്ടുള്ള കഥ അതാണ്. അവസാനത്തെ ശമ്പള പരിഷ്കാരം മാത്രമാണ് ഈ ഗവൺമെൻറ് അംഗീകരിക്കാതെയിരുന്നത്. വാസ്തവത്തിൽ സ്കൂൾ വിദ്യാഭ്യാസരംഗത്തുള്ള ഈ പരാധീനതകളും ഒന്ന് അവസാനിപ്പിക്കുന്നതിന് യു.ജി. സി. മാതൃകയിലുള്ള ഒരു കമ്മീഷനെ നിയമിക്കുമെങ്കിൽ വളരെയേറെ സഹായകമാകുമെന്നു സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഇവിടെ സ്കൂൾ കെട്ടിടങ്ങളും ഇല്ല, നമ്മളും ഒരു ലോട്ടറി നടത്തി. വളരെയൊന്നും പരാജയപ്പെട്ടതായിരുന്നില്ല അതിന്റെ ഫലം. ബഹുമാനപ്പെട്ട മന്ത്രി പറയും, 75 കോടി രൂപ ആ രംഗത്ത് മുതൽ മുടക്കി, നാം ആഗ്രഹിക്കുന്ന രീതിയിൽ ക്രമേണ ക്രമേണ മാത്രമെ ചെയ്യാൻ കഴിയുകയുള്ളു എന്നെങ്കിലും.

സർ, ഈ രാജ്യത്ത് ഒരു എഡ്യൂക്കേഷൻ സെസ് ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തികമായി സൗകര്യമുള്ള ആളുകളിൽനിന്ന് എഡ്യൂക്കേഷൻ സെസ് പിരിക്കുന്നതിൽ എന്താണ് സർ തെറ്റ്? പുരോഗതിയുടെ പരിവേഷം ചാർത്തുന്നതിനുവേണ്ടി പലപ്പോഴും യാഥാർത്ഥ്യങ്ങളിൽനിന്ന് ഓടിയകലാറുണ്ട്. പക്ഷേ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ കണ്ണടയ്ക്കാതെ ഇങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കണമെന്നാണ് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുവാനുള്ളത്, അതുപോലെ തന്നെ ഫ്രീകൃതമായ ഒരു ദേശീയ വിദ്യാഭ്യാസ നയം നമ്മുടെ നാട്ടിൽ ഉണ്ടാകണമെങ്കിൽ, ഫ്രീകൃതമായ ഒരു വേതന നയം നമ്മുടെ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണമെങ്കിൽ ഇതുപോലെയുള്ള ഒരു കേന്ദ്രീകൃത കമ്മീഷനു രൂപം കൊടുക്കുന്നതു നല്ലതായിരിക്കും എന്ന നിലയ്ക്ക് ചിന്തിക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണു.

ശ്രീ. വി.ജെ. ജോസഫ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. നമ്മുടെ നാടു സ്വാതന്ത്ര്യം പ്രാപിച്ചിട്ടു 32 സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. പക്ഷേ വിവിധ ജാതികളും വിവിധ ഭാഷകളും ഉൾക്കൊള്ളുന്ന ഈ രാഷ്ട്രത്തിൽ ഒരു ദേശീയചിന്താഗതി വളർത്തിയെടുക്കുന്നതിൽ മുപ്പത്തിരണ്ടു സംവത്സരക്കാലത്തെ പ്രയത്നത്തിനു ശേഷവും നാം പരാജയപ്പെട്ടിരിക്കുകയാണെന്നാണു വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നതു. ഇതു ദേശീയമായ, ഏകീകൃതമായ, ഒരു വിദ്യാഭ്യാസസമ്പ്രദായം നമ്മുടെ നാടിനു ഇല്ലാത്തതുകൊണ്ടാണെന്നാണു എന്റെ വിശ്വാസം. ഇന്നു തമിഴ്നാട്ടിൽ ആളുകൾ ചിന്തിക്കുന്നതു ആദ്യമായി തമിഴ്നാട്ടുകാരനെന്നും കേരളീയൻ കേരളീയനെന്നും ആന്ധ്രക്കാരൻ ആന്ധ്രാക്കാരനെന്നും ആണു. അങ്ങനെ ചിന്തിക്കുന്നതിനുപരിയായി ഞാൻ ഒരിന്ത്യാക്കാരനാണു, ഭാരതീയനാണു എന്നു ചിന്തിക്കുന്നതിനുള്ള മാനസീകമായ വളർച്ച നമ്മുടെ രാജ്യത്തു യുവജനങ്ങൾക്കോ വിദ്യാർത്ഥികൾക്കോ പ്രായം ചെന്ന ആളുകൾക്കു പോലുമോ ഇല്ലെന്നുള്ളതാണു ദുഃഖകരമായ സത്യം. ഈ അവസ്ഥ എന്തുകൊണ്ടു നമ്മുടെ രാജ്യത്തുണ്ടായി എന്നു ചോദിച്ചാൽ ഈ മുപ്പത്തിരണ്ടു വർഷവും അതിനു മുൻപും തുടർന്നുവന്ന വിദ്യാഭ്യാസസമ്പ്രദായംതന്നെ തുടരുന്നു എന്നുള്ളതാണു. ഇതിനു മാറ്റംവരുത്തിക്കൊണ്ടു ഏകീകൃതമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനു രൂപം കൊടുത്താൽ മാത്രമേ ഇതു സാധിക്കുകയുള്ളൂ. ഏകീകൃതമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമെന്നു പറയുമ്പോൾ സംസ്ഥാനങ്ങളുടെ അധികാരങ്ങളെയും അവകാശങ്ങളെയും ചോദ്യം ചെയ്തുകൊണ്ടാകണമെന്നല്ല. ഇന്നു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ചില ഗൈഡ്ലൈൻസ് മാത്രമാണു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും യൂണിവേഴ്സിറ്റികൾക്കും നല്കുന്നതു. അല്ലാതെ യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയെ ചോദ്യം ചെയ്യുന്ന വിധത്തിലോ കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റിയുടെ ഭരണസംവിധാനം മുൻപോട്ടു കൊണ്ടുപോകാനാവശ്യമായ രീതിയിലുള്ള പ്രവർത്തനങ്ങളെ എതിർത്തുകൊണ്ടോ അല്ല. എന്നാൽ അതേസമയം നമ്മുടെ അദ്ധ്യാപകരുടെ സേവന വേതനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകാറുണ്ടു. അദ്ധ്യാപകരുടെ നിലവാരമുയർത്തുന്നതിനു ഇൻസർവീസ് കോഴ്സുകൾ സംഘടിപ്പിക്കുന്നതിനും അതുപോലെ പി.എച്ച്.ഡി., എം.ഫിൽ. തുടങ്ങിയ കോഴ്സുകൾക്കു പോകുന്നതിനും സാമ്പത്തിക സഹായങ്ങൾ (കോഴ്സുകൾക്കു പോകുന്ന കാലഘട്ടത്തിലെ മുഴുവൻ ശമ്പളവും മറ്റ് ആവശ്യമായ സഹായവും) ചെയ്തുകൊടുക്കുന്ന രീതിയാണു യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ തുടരുന്നതു. അദ്ധ്യാപകരുടെ നിലവാരമുയർത്തുന്നതിനും സാമ്പത്തിക നിലമെച്ചപ്പെടുത്തുന്നതിനും ആവശ്യമായനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നൽകുന്നതുപോലെ, ഈ രാജ്യത്തിനു ഏകീകൃതമായ ഒരു സ്കൂൾവിദ്യാഭ്യാസനയവും ദേശീയ ചിന്താഗതിയും വളർത്തിയെടുക്കുന്നതിനാവശ്യമായ അന്തരീക്ഷം വിദ്യാലയങ്ങളിൽ സൃഷ്ടിക്കുന്നതിനു, ഇൻഡ്യയിലെ തെക്കുമുതൽ വടക്കുവരെ ഒരേ രീതിയിൽ വിദ്യാഭ്യാസ സമ്പ്രദായം നില

LIBRARY ARCHIVES Kerala Legislative Assembly

നിർത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അവഗാഢമായ ചിന്തയോടുകൂടി അവതരിപ്പിക്കുന്ന ഒരു നാഷണൽ കമ്മീഷന്റെ രൂപീകരണം പ്രയോജനപ്രദമാകുമെന്നുള്ളതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ സമ്പൂർണ്ണമായി പിൻതാങ്ങുന്നു.

ശ്രീ. ഇ. നാരായണൻ നായർ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ അവസാനത്തിലെ 'നാഷണൽ കമ്മീഷനെ' എന്നതിനുശേഷം 'എത്രയും വേഗം' എന്നു ചേർത്തുകൊണ്ടു തുടരുക.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ മാതൃകയിൽ ഒരു നാഷണൽ കമ്മീഷനെ നിയമിക്കണമെന്നുള്ള പ്രമേയത്തോടു യോജിക്കുന്നു. അതേയവസരത്തിൽ, ഇത്തരത്തിലൊരു കമ്മീഷനില്ലാത്തതുകൊണ്ടാണു വിദ്യാഭ്യാസ നിലവാരം ഉയരാത്തത് എന്ന് എനിക്കഭിപ്രായമില്ല. ഇത്തരത്തിലൊരു കമ്മീഷനുണ്ടായാൽ വിദ്യാഭ്യാസ നിലവാരം ഉയരുമെന്നും അഭിപ്രായമില്ല. സർ, ഞാൻ അഖിലേന്ത്യാടിസ്ഥാനത്തിൽ അങ്ങോട്ടു കടന്നു പരത്തിപറയാനാഗ്രഹിക്കുന്നില്ല. നമ്മുടെ കൊച്ചുസംസ്ഥാനം മാത്രം എടുക്കാം. സർ, നമ്മൾ ഇന്ന് എത്ര ക്രാഫ്റ്റ്ടീച്ചേഴ്സിനു ശമ്പളം കൊടുക്കുന്നു? നമ്മുടെ എല്ലാ സ്കൂളിലും ക്രാഫ്റ്റ് എന്നൊരു സബ്ജക്ടുണ്ട്. നൂലും നെയ്യുന്ന ഉപകരണങ്ങളും കടലാസും ഇതെല്ലാമുള്ള ഏർപ്പാട്; ഒരു ക്രാഫ്റ്റ് റൂം എന്ന നിലയ്ക്ക് ഓരോ സ്കൂളിലും വച്ചിരിക്കും. അദ്ധ്യാപകർക്കു ലക്ഷക്കണക്കിനുറുപ്പിക ശമ്പളവും കൊടുക്കുന്നുണ്ട്. ഇതൊക്കെ പറയുമ്പോൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റിയല്ലേ പറയുന്നത്, അത് അഖിലേന്ത്യാടിസ്ഥാനത്തിൽ കോടിക്കണക്കിനു രൂപ ചെലവുള്ള ഒരു വലിയ പദ്ധതിയാണ് എന്നൊക്കെ ഒരുപക്ഷേ പറഞ്ഞേക്കാം. സർ, എനിക്കു ഒരനുഭവമുണ്ടായി. അടുത്തകാലത്ത് ഒരുൽസവസ്ഥലത്തു നടക്കുന്ന സന്ദർഭത്തിൽ ഒരു കുട്ടി ചില കുട്ടികൾ കളിക്കുന്ന ഉപകരണങ്ങളുണ്ടാക്കി വിൽക്കാൻ കൊണ്ടു നടക്കുന്നതുകണ്ടു. ഞാൻ ആ കുട്ടിയോട് അതിന്റെ വില ചോദിച്ചു. പത്തു പൈസയാണ്. ''എവിടെനിന്നു പഠിച്ചു?'' ഇത് സ്കൂളിൽ നിന്നു പഠിച്ചതാണ്.'' സർ, പത്തു പൈസവച്ച് ഇരുപതു രൂപയ്ക്ക് അവൻ അന്നു വിറ്റിരുന്നു. ക്രാഫ്റ്റ് ടീച്ചേഴ്സിന് ഇന്ന് നമ്മൾ കൊടുക്കുന്ന ശമ്പളം, അതിനുവേണ്ടി മുടക്കിയിരിക്കുന്ന സാധനങ്ങൾ, ഇപ്പോൾ അതിനുള്ള പീരീഡ് ഇതൊക്കെ കുറച്ചുകൂടി ഒന്നുമെച്ചപ്പെടുത്തുകയാണെങ്കിൽ തൊഴിലിനുവേണ്ടി തെണ്ടിനടക്കുന്ന കാലഘട്ടത്തിൽ. ജോലിയന്വേഷിക്കുന്ന ''ജോലിയുമായി'' കഴിയുന്ന സന്ദർഭത്തിൽ പ്രായകുടിക്കാനുള്ള കാശിന് സ്വന്തമായി എന്തെങ്കിലും ഉണ്ടാക്കാനുള്ള സാമർത്ഥ്യത്തോടുകൂടി ഈ കുട്ടികൾക്ക് സ്കൂളുകളിൽനിന്നു പുറത്തുവരാൻ സാധിക്കും. ഇതു പറയുമ്പോൾ തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തെക്കുറിച്ചല്ലേ പറയുന്നത്, അതന്വേഷിക്കാൻ അഖിലേന്ത്യാടിസ്ഥാനത്തിൽ മറെറാരു കമ്മീഷനെ ഉണ്ടാക്കിയിട്ട് കുറേക്കൂടി സംഖ്യ അഖിലേന്ത്യാടിസ്ഥാനത്തിൽ ചെലവഴിച്ചാൽ മാത്രമേ ഇതൊക്കെ നന്നാകുകയുള്ളൂ എന്നു പറയുന്നതു കഷ്ടമാണ്. അങ്ങനെയൊരു കമ്മീഷനെ വച്ചാൽ നന്നാകുമെങ്കിൽ നന്നാകട്ടെ ഞാനതിനെ എതിർക്കുന്നില്ല. പക്ഷേ എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയോട് ഒരപേക്ഷയുള്ളത് ഇതൊന്നു പുനസ്സംവിധാനം ചെയ്ത് ഈ ക്രാഫ്റ്റ് സമ്പ്രദായം ആവുന്നത്ര ഉപകാരപ്രദമാക്കിക്കൂടേ എന്നുള്ളതാണ്. അതിനുവേണ്ടി ശ്രമിക്കണമെന്നപേക്ഷയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻമാസ്റ്റർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ രണ്ടാംവരിയിൽ 'ഉയർത്തുന്നതിനും' എന്നതിനു ശേഷം 'പുതിയ സ്കൂളുകളും സ്ഥാപിക്കുന്ന കാര്യത്തിലും' എന്നു കൂട്ടിച്ചേർക്കുക.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം അന്വേഷിക്കുന്ന കേന്ദ്ര കമ്മീഷനെ നിയമിക്കണമെന്നാണു പ്രമേയത്തിൽ പറയുന്നത്. സംസ്ഥാനത്തെ സാക്ഷരത അറുപതു ശതമാനമാണെങ്കിൽ അതുകഴിഞ്ഞ് ബാക്കിയുള്ള ജനവിഭാഗങ്ങളും സംസ്ഥാനത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടത്ര താൽപര്യം ഗവൺമെന്റു കാണിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുകയാണ്. ആ വിഭാഗം എന്നുപറയുന്നത് സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ഹരിജനങ്ങളും അവശവിഭാഗങ്ങളുമാണ്. ഉദാഹരണത്തിന് ഒരുകാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ സ്കൂളുകളിൽ 'ആത്മ പ്രമോഷൻ' ഉണ്ട്. ഈ ഏർപ്പാട് ആരെയാണു ബാധിക്കുന്നത്? എങ്ങനെയാണു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുക? സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ആത്മക്കാരെയാണ് ഇതു ബാധിക്കുന്നത്. അവർക്കു ട്യൂഷൻ കിട്ടുന്നതിനോ മറ്റു സ്വാധീനം മുഖേന വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനോ സാധിക്കുന്നില്ല. അപ്പോഴാ 'ആത്മ പ്രമോഷൻ' കൊടുക്കുന്നതുകൊണ്ട് ഏറ്റവും കൂടുതൽ ദോഷം സംഭവിക്കുന്നത് സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ആളുകൾക്കാണ്. അത്തരം ഏർപ്പാടുകൾ ഒഴിവാക്കണമെന്ന് എനിക്കു ശക്തിയായ അഭിപ്രായമുണ്ട്. വിദ്യാഭ്യാസപരമായി മെച്ചം കിട്ടണമെന്നാഗ്രഹിക്കുന്ന താഴ്ന്ന വിഭാഗത്തെ താഴ്ത്തുകയും മുന്നോട്ടുനിൽക്കുന്ന ആത്മക്കാരെ കൂടുതൽ ഉയർത്തുകയും ചെയ്യുന്ന സാഹചര്യമാണ് ഇതുമൂലം ഉണ്ടാകുന്നത്. ആ കാര്യങ്ങളെക്കുറിച്ചെല്ലാം ഇതിൽ അന്വേഷിക്കണം.

വിദ്യാഭ്യാസത്തിന് കഴിഞ്ഞകാലത്തെ അപേക്ഷിച്ച് പ്രാധാന്യം കുറച്ചിരിക്കുകയാണ്. കഴിഞ്ഞകൊല്ലം വിദ്യാഭ്യാസത്തിന് 9 കോടി 90 ലക്ഷമായിരുന്നെങ്കിൽ അത് ഇക്കൊല്ലം 5 കോടി 25 ലക്ഷമാക്കി കുറച്ചിട്ടുണ്ട് എന്നാണു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതു കൂടുതൽ വിശദീകരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെയായാലും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെയായാലും ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിച്ചിട്ടില്ല. സ്കൂളനുവദിച്ച അവസരത്തിൽത്തന്നെ ട്രൈബൽ ഏരിയായും അതുപോലെയുള്ള അവികസിതപ്രദേശങ്ങളും പ്രത്യേകം പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. അപ്പോഴാ ആ കാര്യങ്ങളെപ്പറ്റി വ്യക്തമായി പരിശോധിക്കണം. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിൽ വയനാട്ടിൽ ഒരു സ്കൂളും അനുവദിച്ചിട്ടില്ല. ഗവൺമെന്റിന്റെ പോളിസി പലപ്പോഴും പ്രഖ്യാപിച്ചിട്ടുള്ളത് അവികസിതപ്രദേശങ്ങൾക്കും ട്രൈബൽ ഏരിയായ്ക്കും പ്രത്യേകം പരിഗണന നൽകുമെന്നാണ്, പക്ഷേ പ്രവർത്തനത്തിൽ വന്നപ്പോഴാ അത്തരം പ്രദേശങ്ങളെ തീരെ പരിഗണിച്ചിട്ടില്ല എന്നുള്ളതാണു വസ്തുത. അതു കൂടാതെ, സ്കൂളനുവദിക്കണമെങ്കിൽ എൽ.പി. സ്കൂളിനായാലും ഹൈസ്ക്കൂളിനായാലും പണം കെട്ടിവയ്ക്കണം. ട്രൈബൽ ഏരിയായ്ക്ക് എക്സംപ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത് പ്രത്യേക പരിഗണന നൽകേണ്ടതാണ്. എന്റെ നിയോജക മണ്ഡലത്തിൽ മുത്തങ്ങ എന്ന സ്ഥലത്ത് ഒരു ട്രൈബൽ സ്കൂളുണ്ട്. 80 ശതമാനം ആദിവാസിക്കുട്ടികളും പഠിക്കുന്ന സ്കൂളാണ്. ആദിവാസികൾ കെട്ടിക്കൊടുത്ത കെട്ടിടം ചുഴലിക്കാറ്റിൽ വീണുപോയി. സ്കൂൾ നടത്താൻ ഒരു സൗകര്യവും ഇല്ല. അവിടെ സ്കൂൾകെട്ടിടം കെട്ടുന്നതിനുള്ള നിർദ്ദേശം പെൻഡിങ്ങിൽ കിടക്കുകയാണ്. ഇങ്ങനെ ട്രൈബൽ ഏരിയായുടെയും പിന്നോക്കക്കാരുടെയും കാര്യം വരുമ്പോൾ പ്രത്യേകമായ അവഗണനയാണു കാണിക്കുന്നത്. പിന്നോക്ക പ്രദേശങ്ങളുടെയും പിന്നോക്ക ജനവിഭാഗങ്ങളുടെയും കാര്യത്തിൽ പ്രത്യേകമായ പരിഗണന ഈ അന്വേഷണത്തിൽ വരണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി.കെ. ശ്രീനിവാസൻ: സർ, ഞാൻ ഈ പ്രമേയത്തോടു യോജിക്കുകയാണ്. അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഒരു ദേശീയ കമ്മിറ്റി പരിശോധിച്ച് ആവശ്യമായിട്ടുള്ള മാറ്റങ്ങൾ വരുത്തണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കേരളസംസ്ഥാനത്തെ വേതന-സേവന വ്യവസ്ഥകൾ വളരെ മെച്ചപ്പെട്ടതാണെന്നു ഞാൻ കരുതുന്നു. വിദ്യാഭ്യാസ രംഗത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ശ്രീ. പനമ്പിള്ളിയുടേയും ശ്രീ. മുണ്ടശ്ശേരിയുടേയും കാലത്ത് വരുത്തിയിട്ടുള്ള മാറ്റങ്ങൾ ഞാൻ ഓർക്കുന്നു. പല സംസ്ഥാനങ്ങളിലും വേതന-സേവന വ്യവസ്ഥകൾ വ്യത്യസ്തമായ രീതിയിലുള്ളതാണ്. ഒരു ദേശീയ വിദ്യാഭ്യാസ നയം ഇല്ല. ശമ്പളനിരക്കുകളാണെങ്കിൽ പല സംസ്ഥാനങ്ങളിലും പല നിരക്കിലാണുള്ളത്. സിലബസ്സിന്റെ കാര്യത്തിലായാലും വ്യത്യസ്തമായ സിലബസ്സാണ് ഉള്ളത്. അദ്ധ്യയന ദിവസത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ 180 ദിവസം മുതൽ 220 ദിവസം വരെ ഉള്ള സ്ഥലങ്ങൾ ആണ് ഉള്ളത്. ഇതിന്റെയെല്ലാം ഫലമായി ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തേയ്ക്ക് ഉപരിപഠനം നടത്താൻ പോകുന്ന വിദ്യാർത്ഥികൾക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിനെല്ലാം ഉപരിയായി ഒരു ദേശീയവിദ്യാഭ്യാസ നയത്തിന്റെ അഭാവം, നമ്മുടെ അദ്ധ്യാപകർക്ക് തുല്യമായ സേവന—വേതന വ്യവസ്ഥകൾ ഉണ്ടാക്കുക, കുട്ടികൾക്ക് പൊതുവായ സിലബസ്സ് അംഗീകരിക്കുക, ശാസ്ത്രീയമായ സമീപനം വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കുക, ഇങ്ങനെയൊരു തീരുമാനം ഉണ്ടായിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. സർ, ഈ അടുത്ത കാലത്ത് മദ്ധ്യപ്രദേശിൽ മുഗൾ ചരിത്രം പഠിപ്പിക്കുന്നതിനെതിരായി വലിയൊരു പ്രക്ഷോഭണം നടന്നു. ആ പ്രൊഫസറെ പിരിച്ചുവിടണമെന്നു പറഞ്ഞുകൊണ്ടാണ് പ്രക്ഷോഭണം നടന്നത്. അവിടെത്തന്നെയുള്ള സാഹിത്യ അക്കാഡമിയുടെ സെക്രട്ടറി ഷാനി എഴുതിയ പുസ്തകം പിൻവലിച്ചില്ലെങ്കിൽ അദ്ദേഹത്തെ ഉദ്യോഗത്തിൽ നിന്നും പിരിച്ചുവിടണമെന്നു പറഞ്ഞു. അവിടെത്തന്നെയുള്ള ഒരു ലേഡീ പ്രൊഫസറെ, ഒരു മുസ്ലീമിനെ വിവാഹം കഴിച്ചെന്നു പറഞ്ഞുകൊണ്ട് പിരിച്ചുവിട്ടു. അതുപോലെ വർഷങ്ങളോളം സർവ്വീസ്സുള്ള ഒരു പ്രിൻസിപ്പലിനെ പലർക്കും രുചിക്കാത്ത ചില ആശയങ്ങൾ വച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനത്തിൽ, കോളേജിലെ ഹോസ്റ്റലിലേക്ക് ആവശ്യമുള്ള മലക്കറികൾ കൊണ്ടുവന്നത് കട്ടു എന്നുള്ള പേരിൽ പിരിച്ചുവിട്ടു. ചില പുരോഗമനപരമായ ആശയങ്ങൾ വച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകരേയും പ്രൊഫസർമാരെയുമെല്ലാം പിരിച്ചുവിടുകയെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചയാണ് അവിടെ കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ഒരു ദേശീയ വിദ്യാഭ്യാസ നയം ഇൻഡ്യയിൽ ഉടനടി നടപ്പിലാക്കണമെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. അത്തരത്തിൽ ചിന്തിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് ഇത്തരം ഒരു രീതി ഉണ്ടാകണം. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം പൊതുവായ, ഏകീകൃതമായ ശമ്പള വ്യവസ്ഥകൾ ഉണ്ടാകണം. കുട്ടികളെ സംബന്ധിച്ചിടത്തോളം ഏകീകൃതമായ സിലബസ്സ് ഉണ്ടാകണം. അവരുടെ അദ്ധ്യയന ദിവസങ്ങളെ സംബന്ധിച്ചിടത്തോളവും പരീക്ഷയെ സംബന്ധിച്ചിടത്തോളവും എല്ലാം അഖിലേന്ത്യാതലത്തിൽ തന്നെ ചില ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതാണ്. ശരിയായ ഒരു സമീപനം ഈ കാലഘട്ടത്തിൽ സ്വീകരിക്കേണ്ടതാവശ്യമായിരിക്കുകയാണ്. ഇതിനെല്ലാം സഹായകമായിരിക്കും ഈ കമ്മിറ്റി എന്നുള്ളതുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ രണ്ടാമത്തെ വരിയിലെ ''സ്കൂൾ'' എന്ന വാക്ക് എടുത്തു കളയണം.

സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. വിദ്യാഭ്യാസ നിലവാരം ഉയരണമെങ്കിൽ ഗവൺമെൻറും അദ്ധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർത്ഥികളും യോജിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. കേരളത്തിൻെറ റവന്യൂ വരുമാനത്തിൽ സിംഹഭാഗവും വിദ്യാഭ്യാസ വകുപ്പിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. 12000-ൽ ഏറെ സ്കൂളുകളും 170000 ൽ പരം അദ്ധ്യാപകരും 55 ലക്ഷത്തിലേറെ വിദ്യാർത്ഥികളും ഉള്ള നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ നിലവാരം ഉയരണമെങ്കിൽ സ്കൂളുകളോട് അനുബന്ധിച്ച് അദ്ധ്യാപകരക്ഷാകർത്തൃ സംഘടനയുടെ പ്രവർത്തനം കാര്യക്ഷമമാക്കിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. നമ്മുടെ സംസ്ഥാനത്തെ സമ്പന്ന വിഭാഗത്തിൽപെട്ട രക്ഷാകർത്താക്കളുടെ കൈയിൽനിന്നും നാമമാത്രമായ ഫീസ് ഈടാക്കുകയും അങ്ങനെ ഈടാക്കുന്ന ഫീസ് കൊണ്ട് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി ഭക്ഷണവും വസ്ത്രവും വൈദ്യസഹായവും പുസ്തകവും കൊടുക്കാൻ ഉപയോഗിക്കുകയും ചെയ്യാൻ ഗവൺമെൻറ് മുമ്പോട്ടു വരേണ്ടതുണ്ട്. അതുപോലെതന്നെ പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകർ അടക്കം കേരളത്തിലെ മുഴുവൻ അദ്ധ്യാപകർക്കും ഭവന നിർമ്മാണം, വൈദ്യ സഹായം എന്നിവ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതുണ്ട്. കേരളത്തിലെ മുഴുവൻ അദ്ധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർത്ഥികളും ഇന്ന് അസംതൃപ്തരാണ്. സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും മലമൂത്ര വിസർജ്ജനത്തിന് ക്യൂ നിൽക്കേണ്ട ഗതികേട് നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ കാര്യത്തിൽ അടുത്തുള്ള വീടുകളിലുള്ളവർക്കും വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കക്കൂസ്സിൽ പോകാനും മൂത്രം ഒഴിക്കാനും വെള്ളം ലഭിക്കാത്തതുകൊണ്ട് അവർ അടുത്തുള്ള വീടുകളെ ശല്യപ്പെടുത്തുന്ന ഒരു ദയനീയമായ സ്ഥിതിയാണുള്ളത്. ഈ പരിതാപകരമായ അവസ്ഥ അവസാനിപ്പിക്കുന്നതിനുവേണ്ടി സമ്പന്ന വിഭാഗങ്ങളിൽനിന്നും നാമമാത്രമായ ഫീസ് ഈടാക്കുകയും പ്രത്യേകിച്ചും അന്താരാഷ്ട്ര ശിശുവർഷം ആഘോഷിക്കുന്ന ഈവർഷത്തിൽ പാവപ്പെട്ട കുട്ടികൾക്ക് സഹായം നൽകുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് പുതിയൊരു പദ്ധതി ആവിഷ്കരിക്കുകയും ചെയ്യണം. അതുപോലെതന്നെ പത്താം ക്ലാസിൽ പൊതു പരീക്ഷാ സമ്പ്രദായം ഉള്ളതുപോലെ 7-ാം ക്ലാസിൽ മുമ്പ് പൊതുപരീക്ഷാസമ്പ്രദായം ഉണ്ടായിരുന്നത് നിർത്തലാക്കിയത് വീണ്ടും ഏർപ്പെടുത്തണം.

സർ, 28 ഉം 30 ഉം കൊല്ലം സർവ്വീസ്സുള്ള അദ്ധ്യാപകർ റിട്ടയർ ചെയ്യുമ്പോഴും അവർക്ക് ഒറ പൈസ പോലും പെൻഷനോ ഗ്രാറ്റുവിറ്റിയോ നൽകാത്ത സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തുണ്ട്. അതിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കണം. 28-ഉം 30-ഉം വർഷം സർവ്വീസ്സുള്ളവർ പെൻഷൻ പറ്റി പിരിയുമ്പോഴും പെൻഷനോ ഗ്രാറ്റുവിറ്റിയോ കൊടുക്കാൻ കഴിയാത്തവിധത്തിൽ ഗവൺമെന്റ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. പ്രൈവറ്റ് മേഖലയിൽ കൂടുതൽ സ്കൂളുകൾ അനുവദിക്കണം. നമ്മുടെ സംസ്ഥാനത്ത് നിരവധി സ്കൂളുകൾ 5-ാം സ്റ്റാൻഡേർഡ് വരെ മാത്രം ഉള്ളത് ഉണ്ട്. ഇത് പ്രൈമറി സ്കൂളുകളെന്നുള്ള നിലയ്ക്കും അപ്പർ പ്രൈമറി സ്കൂളുകളെന്നുള്ള നിലയ്ക്കും അംഗീകരിച്ചിട്ടില്ല. ഇങ്ങനെ 5-ാം സ്റ്റാൻഡേർഡ് വരെ പ്രവർത്തിക്കുന്ന നിരവധി സ്കൂളുകൾ നമ്മുടെ സംസ്ഥാനത്ത് ഉള്ളത് 7-ാം സ്റ്റാൻഡേർഡ് വരെ ആക്കി യു.പി. സ്കൂളുകളാക്കി മാറ്റുകയും ഈ സ്കൂളുകളുടെ കാര്യത്തിൽ ഗവൺമെന്റ് കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ പ്രമേയത്തെ പിന്താങ്ങുന്നതോടൊപ്പം തന്നെ സംതൃപ്തരായ അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും ഉള്ള ഒരു വിദ്യാഭ്യാസവകുപ്പ് ഉണ്ടാക്കുന്നതിനുവേണ്ടി ഗവൺമെന്റ് കാര്യക്ഷമമായി മുമ്പോട്ട് വരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

[Deputy Speaker in the Chair]

വിദ്യാഭ്യാസവകുപ്പ് മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): സർ, ഈ പ്രമേയത്തെ സംബന്ധിച്ചുള്ള ചർച്ച വിദ്യാഭ്യാസ ഡിമാൻറിനെക്കുറിച്ചുള്ള ചർച്ചയായി പല പ്രാവശ്യം മാറിയിട്ടുണ്ട്. മറുപടി പറയുവാൻ ഇല്ലാഞ്ഞിട്ടല്ല, വേറൊരുദിവസം ഈ ചർച്ചക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളതുകൊണ്ട് അന്നു അതിനെക്കുറിച്ചു കൂടുതൽ പറയാമെന്നു വിചാരിക്കുന്നു. ഇന്നു നമ്മുടെ വിദ്യാഭ്യാസംരംഗത്തുള്ള പോരായ്മകളെ മുഴുവൻ ഞാൻ സമ്മതിക്കുന്നു. ആ പോരായ്മകളെ ഇല്ലാതാക്കുവാൻ സ്കൂൾ ഗ്രാൻറ്സ് കമ്മീഷൻ ഉണ്ടാകുന്നതോടുകൂടി സാധിക്കുമെന്ന അഭിപ്രായമില്ല. ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനങ്ങളെല്ലാം തന്നെ ഇന്ന് കൂടുതലായി സാമ്പത്തികാധികാരത്തിനുവേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ കേന്ദ്രഗവൺമെന്റ് ഈ കമ്മീഷനെ നിയമിച്ചു ഈ കാര്യം കൂടി അവരെ ഏൽപ്പിച്ചു കൊടുത്ത് ഈ ചെലവ്കൂടി അവരുടെനിയന്ത്രണത്തിൽ കൊണ്ടുവരുന്നത് ഫെഡറൽ ഡമോക്രാറ്റിക് ഡീസെൻട്രലൈസേഷനു എതിരാണ് എന്നാണ് എന്റെ അഭിപ്രായം. ഒരു കമ്മീഷൻ ഉണ്ടാകുന്നതോടുകൂടി ബുദ്ധിമുട്ട് തീരുമെന്ന അഭിപ്രായവും എനിക്കില്ല. കമ്മീഷൻ ഒരുസർവ്വരോഗ സംഹാരിയാണെന്നും ഞാൻ കരുതുന്നില്ല. യു.ജി.സി. വന്നതുകൊണ്ടു കേരളത്തിലെ കോളേജുകൾക്കുണ്ടായ നൻമയെക്കുറിച്ചും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേന്ദ്രഗവൺമെന്റ് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിലധികവും യു. ജി. സി.

LIBRARY ARCHIVES Kerala Legislative Assembly

മുഖേനയാണ് കൊടുക്കുന്നത്. എന്നാൽ അതുകൊണ്ട് വളരെ ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുണ്ട്. ഇന്നു നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസപരമായി നോക്കുമ്പോൾ മുൻപന്തിയിലാണ്. ഒരീസ്സ മുതലായ സംസ്ഥാനങ്ങൾ ഇന്നും ഈ കാര്യത്തിൽ പിന്നണിയിലാണ് നിൽക്കുന്നത്. അപ്പോൾ ഈ സംസ്ഥാനങ്ങളുടെയെല്ലാം കാര്യങ്ങൾ ഒരു കേന്ദ്രകമ്മീഷന്റെ കീഴിൽവരുമ്പോൾ അവരുടെ ശ്രമം മുഴുവൻ പിന്നണിയിൽ നിൽക്കുന്ന സംസ്ഥാനങ്ങളെ മുന്നണിയിൽ കൊണ്ടുവരുന്നതിന് ആയിരിക്കും. കേരളം ഒരുവിധം മുമ്പോട്ടുപോയി. ഡെൽഹിയിലെ അഭിപ്രായവും ഇതുതന്നെയാണ്. കമ്മീഷൻ വരുമ്പോൾ നമ്മുടെ പ്രയോജനകരമായ പല പദ്ധതികളും നമുക്ക് ഉപേക്ഷിക്കേണ്ടതായിവരും. ചില ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞത് അദ്ധ്യാപകരുടെ സ്ഥിതി ഇതുകൊണ്ട് നന്നാകും എന്നാണ്. കേരളത്തിലെ അദ്ധ്യാപകരുടെ സ്ഥിതി ഇന്നു തെക്കേ ഇൻഡ്യയിലുള്ള അദ്ധ്യാപകരേക്കാൾ മെച്ചമാണെന്ന് ഞാൻ അവകാശപ്പെടുന്നു. ഇന്ന് നമ്മുടെ അദ്ധ്യാപകർക്ക് നൽകുന്ന പല ആനുകൂല്യങ്ങളും വേറൊരു കമ്മീഷൻ വന്നാൽ അനുവദിക്കുമോ എന്നറിയുകയില്ല. പതിനഞ്ചും പന്ത്രണ്ടും വർഷം സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്താൽ നമ്മുടെ അദ്ധ്യാപകർക്ക് അപ്പർഗ്രേഡ് ഉണ്ട്. അത് വേറൊരു സ്ഥലത്തുമില്ല.

യു.ജി.സി.യും നമ്മളുമായിട്ട് വാസ്തവത്തിലുള്ള അഭിപ്രായവ്യത്യാസം ശമ്പളസ്കെയിലിനെ സംബന്ധിച്ചല്ല. നമ്മുടെ ശമ്പളസ്കെയിൽ അവർ അംഗീകരിച്ചിരിക്കുകയാണ്. അഭിപ്രായവ്യത്യാസം സെലക്ഷനെസംബന്ധിച്ചാണ്. സാമുദായിക പ്രാതിനിധ്യത്തിന് യു.ജി.സി. എതിരാണ്. അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് മാനേജ്മെന്റും ഗവൺമെന്റും ആയി ചരിത്രപരമായ കാരണങ്ങളാൽ ഉണ്ടാക്കിയ ഒരു ഫോർമുലയുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. അതിന് യു.ജി.സി. എതിരാണ്. ഈ സ്റ്റേറ്റിന്റെ പ്രത്യേക സാഹചര്യം അവർ കണക്കിലെടുക്കുവാൻ കൂട്ടാക്കുന്നില്ലായെന്നുള്ളതാണ് പരമാർത്ഥം. മൊത്തം വളരെ കുറച്ചു കോളേജുകളേയുള്ളു. അതിൽത്തന്നെ ഗവൺമെന്റ് കോളേജുകൾ വളരെക്കുറവാണ്. സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു കമ്മീഷൻ ഉണ്ടാക്കുകയാണെങ്കിൽ അതിന്നുകീഴിൽ വരുന്ന സ്കൂളുകളുടെ സംഖ്യ എത്രയാകും? ആസേതുഹിമാചലം പരന്നുകിടക്കുന്ന ലക്ഷം ലക്ഷം ആളുകളുടെയെല്ലാം കാര്യങ്ങൾ നോക്കാൻ ഒരു കേന്ദ്ര കമ്മീഷനെ നിശ്ചയിച്ചാൽ അവർക്കു എത്രഫലപ്രദമായി നോക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചു സംശയമുണ്ട്.

ഭാരതീയാടിസ്ഥാനത്തിൽ ഉള്ള ചിന്ത ഇതിനെക്കുറിച്ച് വേണ്ടേ? ഒരേ രീതിയിലുള്ള സിലബസ് വേണ്ടേയെന്നു ശ്രീ. ശ്രീനിവാസൻ ചോദിക്കുകയുണ്ടായി. നമ്മുടെ പ്രത്യേകത നിലനിറുത്തിക്കൊണ്ട് ഇപ്പോഴത്തെ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ചട്ടക്കൂട്ടിൽനിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. എൻ.സി.ഇ.ആർ.ടി. എന്നൊരു സ്ഥാപനമുണ്ട്. എൻ.സി.ഇ.ആർ.ടി. ഉണ്ടാക്കുന്ന മാതൃകാ സിലബസിന്റെ ഉള്ളിൽ നിന്നുകൊണ്ടാണ് സിലബസ് പരിഷ്ക്കരണം നടത്തുന്നത്. അതാണ് പരമാർത്ഥം. അപ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ദേശീയ വിദ്യാഭ്യാസ നയംതന്നെ നമുക്കുണ്ട്. ദേശീയ നയം രൂപീകരിക്കുമ്പോൾ വിദ്യാഭ്യാസമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

മാരുടെ സമ്മേളനങ്ങളിൽ പല അവസരത്തിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. കോത്താരി കമ്മീഷന്റെ മാതൃകയിൽ സ്വീകരിച്ചിട്ടുള്ള ദേശീയ നയത്തിന്റെ അടിസ്ഥാനത്തിലാണ് നാം പ്രവർത്തിക്കുന്നത്. അതായത് 10 + 2. ചിലപ്പോൾ ഇതിന് മാറ്റംവരും. എന്നാൽ മാറ്റത്തിനനുസരിച്ച് ഒപ്പം നിൽക്കുവാനുള്ള സാമ്പത്തിക സൗകര്യം ഉണ്ടാകുന്നില്ലായെന്നുള്ളതല്ലാതെ മറ്റ് യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും നമുക്കു അഖിലേന്ത്യാ തലവുമായി ഇല്ല.

സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് ഈശ്വർഭായ് പട്ടേൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ചർച്ചചെയ്യാനും കേരളത്തിലെ സാഹചര്യത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തുവാൻ വേണ്ടി ഈ മാസം 27.29 വരെ ഒരു സെമിനാർ നടത്തുന്ന വിവരം ബഹുമാനപ്പെട്ട മെമ്പറൻമാരെ അറിയിക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്.

ജോലി പഠിപ്പിക്കുന്നതിനെക്കുറിച്ച് ശ്രീ. നാരായണൻ നായർ പറഞ്ഞു. വർക്ക് എക്സ്പീരിയൻസ് പ്രോഗ്രാം പല സ്കൂളുകളിലും നടത്തുന്നുണ്ട്. കൂടുതൽ കാര്യങ്ങൾ ഇതിനുവേണ്ടിയുള്ള ഡിമാൻറ് ചർച്ചാവേളയിൽ പറയുന്നതാണ്. എന്തായാലും ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

The amendment moved by Shri E. Narayanan Nair was by leave withdrawn.

The amendment moved by Shri K. Raghavan Master was put and lost.

The amendment moved by Shri Lonappan Nambadan was by leave withdrawn.

Resolution moved by Shri K. A. Mathew was by leave withdrawn.

Mr. Deputy Speaker: Order.....Order.....The House will now adjourn and meet again at 8.30 a.m. on Monday, March 26 1979.

1979 മാർച്ച് 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് 12.35-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly